കോപ്പിയും, ടീയാളുടെ ആധാർ കാർഡ്, പാൻ കാർഡ് എന്നിവയുടെ കോപ്പിയും ടെൻഡർ ഫീസ്(Rs.105) അടച്ച് ക്വട്ടേഷൻ ടി E-mail ൽ സമർപ്പിക്കുമ്പോൾ കൂടെ വെയ്ക്കേണ്ടതാണ്. ദർഘാസിൽ ഒരു കിലോഗ്രാം കശുവണ്ടിക്ക് നൽകാവുന്ന (കശുവണ്ടിക്ക് ബാധകമായ നികുതി ഒഴികെയുള്ള) ഏറ്റവും കൂടിയ തുകയാണ് കാണിച്ചിരിക്കേണ്ടത്.

2. ടെൻഡറിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്ന കരാറുകാർ നിരതദ്രവ്യമായ Rs 10,000(പതിനായിരം രൂപ) പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ് എന്ന പേരിൽ കോട്ടയത്ത് മാറത്തക്ക വിധത്തിൽ ഡിമാൻഡ് ഡ്രാഫ്റ്റ് എടുത്ത് അവയുടെ വിവരങ്ങൾ ടെൻഡർ വ്യവസ്ഥകളോട് അനുബന്ധിച്ചിരിക്കുന്ന പട്ടികയിൽ രേഖപ്പെടുത്തേണ്ടതും അനന്തരം ടി ടെൻഡർ വ്യവസ്ഥ ഒപ്പിട്ട് നൽകേണ്ടതുമാണ്. ഒപ്പിട്ട ടെൻഡർ വ്യവസ്ഥയും ഡിമാൻഡ് ഡ്രാഫ്റ്റിനൊപ്പം സമർപ്പിക്കേണ്ടതാണ്.

ഡിമാൻഡ് ഡ്രാഫ്റ്റിന്റെ ഒറിജിനൽ ടെൻഡർ തുറക്കുന്ന ദിവസം രാവിലെ 10.00 മണിക്ക് മുൻപായി പി സി കെ ഹെഡ് ഓഫീസിലോ കരാറുകാരന്റെ ഏറ്റവും അടുത്തുള്ള പി സി കെ ഓഫീസിലോ ലഭിച്ചിരിക്കേണ്ടതാണ്. കൂടാതെ, എസ്റ്റേറ്റിൽ സൂക്ഷിച്ചിട്ടുള്ളതായ കശുവണ്ടി നേരിൽ കണ്ട് ഗുണനിലവാരം ബോധ്യപ്പെട്ടിരിക്കേണ്ടതുമാണ്. പിന്നീട് ഗുണനിലവാരം സംബന്ധമായ പരാതികൾ പരിഗണിക്കുന്നതല്ല.

3. ടെൻഡറിൽ ലഭിച്ച ഏറ്റവും കൂടിയ തുക മാത്രമെ അംഗീകാരത്തിനായി പരിഗണിക്കുകയുള്ളു.

4. ടെൻഡറിൽ ഏറ്റവും കൂടുതൽ തുക വാഗ്ദാനം നൽകുന്നയാൾ മൊത്തം തുകയുടെ മൂന്നിലൊന്ന് ടെൻഡർ കഴിഞ്ഞ് തൊട്ടടുത്ത ബാങ്ക് പ്രവർത്തി ദിവസം രാവിലെ പതിനൊന്നുമണിക്കു മുൻപായി എസ്റ്റേറ്റ് ഓഫീസ് അക്കൗണ്ടിൽ അടക്കേണ്ടതാണ്.

5. ടെൻഡർ ഉറപ്പിച്ചു കഴിഞ്ഞാൽ ആയതു രേഖാമൂലം ടെണ്ടറുകാരനെ അറിയിക്കുന്നതും അറിയിപ്പ് കിട്ടി 5 ദിവസത്തിനുള്ളിൽ ബാക്കി തുക ബാധകമായ നികുതികൾ ചേർത്ത് എസ്റ്റേറ്റ് ഓഫീസ് അക്കൗണ്ടിൽ അടച്ച് 24 മണിക്കൂറുകൾക്കകം കശുവണ്ടി എസ്റ്റേറ്റിൽ നിന്നും നീക്കം ചെയ്യേണ്ടതുമാണ്.

6. കരാറുകാരൻ 200/–രൂപ മുദ്രപത്രത്തിൽ ഇതിലേക്കായി ഒരു കരാർ കോർപ്പറേഷനിൽ വെയ്ക്കേണ്ടതും മൊത്തം തുകയുടെ 5% വരുന്ന തുക സെക്യൂരിറ്റി ഡിപ്പോസിറ്റായി കെട്ടിവയ്ക്കേണ്ടതാണ്. ആയതിനു ശേഷമേ കശുവണ്ടി കൊണ്ടുപോകുന്നതിന് അനുവദിക്കുകയുള്ളൂ.

7. കരാറുകാരൻ സ്വന്തം ചിലവിൽ കശുവണ്ടി പായ്ക്ക്ചെയ്യുന്നതിനും, ലോഡ്ചെയ്യുന്നതിനും, ട്രാൻസ്പോർട്ട്ചെയ്യുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇതിലേക്കായി കാലിചാക്കുകൾ കരാറുകാരൻ സ്വന്തം ചെലവിൽ കൊണ്ടുവരേണ്ടതാണ്.

8. കശുവണ്ടിയുടെ തൂക്കം രേഖപ്പെടുത്തിയിട്ടുള്ളത് ഏകദേശമായതിനാൽ സംഭരിച്ച് വെച്ചിട്ടുള്ള കശുവണ്ടി നേരിട്ട് തൂക്കി ബോദ്ധ്യപ്പെട്ട് കരാറുകാരൻ കൊണ്ടു പോകേണ്ടതാണ്.